പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2522

7.2.2019 -ൽ മറുപടിയ്ക്ക്

## വള്ളം കളിയോ ബോട്ട് റേസിങ്ങോ സംഘടിപ്പിക്കുന്നതിനായുള്ള നിവേദനം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| വെല്ലിംഗ്ടൺ ഐലന്റ് - കണ്ടന്നൂർ ദേശീയ പാതയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള നടപ്പാതയുടെ തോപ്പുംപടി ബി.ഒ.റ്റി പാലം മുതൽ കണ്ണങ്ങാട് ഐലന്റ് പാലം വരെയുള്ള കായൽ ഭാഗത്തു വള്ളം കളിയോ ബോട്ട് റേസിങ്ങോ സംഘടിപ്പിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ (747/2018/M Co-op/റ്റി.എസ്.എം/ഡി.ഇ.വി) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | തോപ്പുംപടി ബി.ഒ.റ്റി പാലം മുതൽ കണ്ണങ്ങാട് ഐലന്റ് പാലം വരെയുള്ള കായൽ ഭാഗത്തു വള്ളം കളിയോ ബോട്ട് റേസിങ്ങോ സംഘടിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന് ലഭിച്ച കത്ത് പരിശോധിക്കുകയുണ്ടായി. വിനോദസഞ്ചാര വകുപ്പ് നിലവിൽ ബോട്ട് റേസോ, വള്ളംകളിയോ നേരിട്ട് നടത്താറില്ല. അതിനുവേണ്ടി സാമ്പത്തിക സഹായം നൽകുക മാത്രമാണ് ചെയ്തുവരുന്നത്. ഈ ആവശ്യവുമായി ബന്ധപ്പെട്ട് ബോട്ട് റേസ് സമിതികൾ സമീപിക്കുന്ന പക്ഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ